(ഡി) സുപ്രീം കോടതി വിധിയുടെ പകർപ്പിന്റെ പ്രസക്തഭാഗവും, എ.ഐ.സി.റ്റി.ഇ. നിർദ്ദേശങ്ങളുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

നിയമ സർവ്വകലാശാല

27 (*294) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നിയമസർവ്വകലാശാല ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്ത് ഒരു നിയമസർവ്വകലാശാല ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സുവർണ്ണ ചതുർഭുജ റോഡ് പദ്ധതി

28 (*295) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സുവർണ്ണ ചതുർഭുജ റോഡ് പദ്ധതിയുടെ ഭാഗമായി ദേശീയപാത 47-ൽ വരുന്ന കൊച്ചി-സേലം റോഡ് വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതുമൂലം ഈ പദ്ധതിയുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൊച്ചി-സേലം റോഡ് വികസന പദ്ധതിയിൽ വരുന്ന ആലുവ-അങ്കമാലി ഭാഗത്ത് ഭൂമി ഏറ്റെടുത്ത് കൊടുക്കുന്നതിലും കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിലും ഇലക്ട്രിക് പോസ്റ്റുകൾ, വാട്ടർ സപ്ലൈ പൈപ്പുകൾ തുടങ്ങിയവ നീക്കിക്കൊടുക്കുന്നതിലും കാലതാമസം ഉണ്ടാവുന്നതുമൂലം റോഡുവികസനം പല ഭാഗത്തും സ്തംഭനാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly